# സീനിയർ സെക്കണ്ടറി

# മലയാളം (343)

# MALAYALAM

## നിർദ്ദിഷ്ട പഠനപ്രവർത്തനം

## Tutor Marked Assignments

പരമാവധി മാർക്ക് : 20

Max Marks : 20

**കുറിപ്പ് :**

(i) എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതേണ്ടതാണ്. ഓരോ ചോദ്യത്തിനും അനുവദിച്ചിട്ടുള്ള മാർക്ക് ചോദ്യത്തോടൊപ്പം കൊടുത്തിരിക്കുന്നു.

(ii) ഉത്തരക്കടലാസിന്റെ ഒന്നാം പുറത്ത് നിങ്ങളുടെ പേര്, റോൾ നമ്പർ, അദ്ധ്യയനകേന്ദ്രത്തിന്റെ പേര്, വിഷയത്തിന്റെ പേര് തുടങ്ങിയവ മുകൾഭാഗത്തായി എഴുതുക

**I. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40 - 60 വാക്കിൽ ഉത്തരമെഴുതുക.**

(1) കിളിയുടെ ദൈന്യത 'ഒരുപാട്ട് പിന്നെയും' എന്ന കവിതയിൽ ചിത്രീകരിച്ചിരിക്കുന്നത് എങ്ങനെ ?

(ആധാരം : പാഠം 5) ( 2 മാർക്ക് )

(2) 'വലിയ കാര്യങ്ങൾ ചിന്തിക്കാൻ ഇംഗ്ലീഷ് തന്നെ വേണം '

(പൊന്നുരുക്കുകയാണ് പൂച്ചേ )

ഈ പ്രസ്താവന അംഗീകരിക്കാവുന്നതാണോ ? എന്തുകൊണ്ട് ?

(ആധാരം : പാഠം 17) ( 2 മാർക്ക് )

**II. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40 - 60 വാക്കിൽ ഉത്തരമെഴുതുക**

(1) ആനയെവിട്ട് ആടുമേയ്ക്കാനൊരുങ്ങുന്ന നാണുക്കുട്ടിയുടെ ആഗ്രഹത്തോട് സമൂഹം എങ്ങനെയാണ് പ്രതികരിച്ചത് ?

(ആധാരം : പാഠം 18) ( 2 മാർക്ക് )

(2) ഒന്ന്, രണ്ട്, മൂന്ന് എന്ന് വിരൽതൊട്ടെണ്ണിയ സ്ത്രീയെ കണ്ടപ്പോൾ തീവണ്ടിയിലെ യാത്രക്കാരുടെ പ്രതികരണങ്ങൾ എന്തൊക്കെയായിരുന്നു.?

(ആധാരം : പാഠം 21) ( 2 മാർക്ക് )

**III. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40 - 60 വാക്കിൽ ഉത്തരമെഴുതുക.**

(1) 'മനുഷ്യപുത്രി' എന്ന കഥയിൽ ഗോവിന്ദൻകുട്ടിക്ക് അപരാധബോധം മനസ്സിൽ വളരാൻ ഇടയായതെന്തുകൊണ്ട് ?

(ആധാരം : പാഠം 4) ( 2 മാർക്ക് )

(2) തീവണ്ടിയാപ്പീസിൽ കിടക്കുന്ന തൊഴിലാളിയുടെ ദൈന്യാവസ്ഥ കവി അവതരിപ്പിക്കുന്നതെങ്ങനെ ?

(ആധാരം : പാഠം 6) ( 2 മാർക്ക് )

**IV. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 100 - 150 വാക്കിൽ ഉത്തരമെഴുതുക.**

(1) ' സാമൂഹ്യമാറ്റത്തിന്റെ ഭാഗമായുണ്ടായ ജന്മിത്തത്തിന്റെ തകർച്ചയാണ് മനുഷ്യപുത്രി എന്ന കഥയിലൂടെ വെളിപ്പെടുന്നത് '- ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? എന്തുകൊണ്ട് ?

(ആധാരം : പാഠം 4) ( 4 മാർക്ക് )

(2) 'മാപ്പ്' എന്ന കവിതയിൽ തൊഴിലാളികളുടെയും മുതലാളിമാരുടെയും ജീവിതാവസ്ഥകൾ തമ്മിലുള്ള താരതമ്യം വള്ളത്തോൾ അവതരിപ്പിക്കുന്നതെങ്ങനെ?

(ആധാരം : പാഠം 6) ( 4 മാർക്ക് )

**V. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 100 - 150 വാക്കിൽ ഉത്തരമെഴുതുക.**

(1) ആധുനികകാലത്ത് മാധ്യമങ്ങൾ പുലർത്തേണ്ട ധർമ്മങ്ങൾ എന്തെല്ലാം ?

(ആധാരം : പാഠം 10 ) ( 4 മാർക്ക് )

(2) 'തകരത്തമ്പുരാൻ' എന്ന പദപ്രയോഗത്തിന്റെ പ്രാധാന്യം എന്തെന്ന് വ്യക്തമാക്കുക ?

(ആധാരം : പാഠം 25 ) ( 4 മാർക്ക് )

**VI. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 500 വാക്കിൽ ഉത്തരമെഴുതുക.**

(1) "ഭൂമിയും സമ്പത്തും നേടാനുള്ള മനുഷ്യന്റെ അത്യാഗ്രഹം അവന്റെതന്നെ നാശത്തിനു കാരണമാകുന്നു"- 'ഒരാൾക്ക് എത്ര ഭൂമിവേണം' എന്ന കഥയെ ആധാരമാക്കി വിശദീകരിക്കുക

(ആധാരം : പാഠം 11 ) ( 6 മാർക്ക് )

(2) 'മാതൃസ്നേഹത്തിന്റെ മഹനീയതയാണ് അമ്മയ്ക്കൊരു സന്ദേശം എന്ന കവിതാഭാഗത്തിലൂടെ വെളിപ്പെടുന്നത് ' വിശദീകരിക്കുക

(ആധാരം : പാഠം 1 ) ( 6 മാർക്ക് )